കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

# ഭരണിക്കാവ് ഗ്രാമപഞ്ചായത്ത്

## 2017-2018

## ഓഡിറ്റ് റിപ്പോർട്ട്

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ

e-mail:ddhglfalpy@gmail.com

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം. കെ.എസ്.എ-എ.എൽ.പി-പി6-63/19

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം

ആലപ്പുഴ - 688011

തീയതി. 15.01.2019

ഇ-മെയിൽ : ddhglfalpy@gmail.com

ഡെപ്യൂട്ടി ഡയറക്ടർ.

.

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

ഭരണിക്കാവ് ഗ്രാമ പഞ്ചായത്ത്

.

സർ,

വിഷയം : ഭരണിക്കാവ് ഗ്രാമപഞ്ചായത്ത്- 2017-18 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച് -

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2ലെ ഖണ്ഡികയിലേയ്ക്കും ഭാഗം 3ലെ ഖണ്ഡികയിലേയ്ക്കും പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

.
.
.

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1. ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉപരിപത്രം സഹിതം)
2. പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, ആലപ്പുഴ
3. കാര്യാലയ പകർപ്പ്

നം. കെ.എസ്.എ-എ.എൽ.പി-പി6-63/19 തീയതി: 15.01.2019

# ആലപ്പുഴ ജില്ലയിലെ ഭരണിക്കാവ് ഗ്രാമ പഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4), 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

ആലപ്പുഴ ജില്ലയിലെ ഭരണിക്കാവ് ഗ്രാമപഞ്ചായത്തിന്റെ 2017-18സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. 01.04.2017 മുതൽ 31.10.2018 വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 17 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 13 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണ ക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ) ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റ് നടത്തുന്നതിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥന്റെ പേരും, ഉദ്യോഗപേരും | ജി. ഹരികുമാർ, ഡെപ്യൂട്ടി ഡയറക്ടർ |

| ഓഡിറ്റിന് വിനിയോഗിച്ച സമയം | ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥരുടെ പേരും തസ്തിക വിവരവും |
|---|---|
| 21.11.2018 മുതൽ 30.11.2018 വരെ | ശ്രീമതി. പി. കെ. വിജയലക്ഷ്മി (ഓഡിറ്റ് ഓഫീസർ ഹ.ഗ്രേ)<br>ശ്രീ. ചന്ദ്രശേഖരൻ. ജി (അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ)<br>ശ്രീമതി. ഷീബ. എം (സീനിയർ ഗ്രേഡ് ഓഡിറ്റർ)<br>ശ്രീ. സുനിൽകുമാർ. ജി (ഓഡിറ്റർ) |

(ബി) നിർവ്വഹണാധികാരികൾ

1) പ്രസിഡന്റ്

| | |
|---|---|
| പ്രൊഫ. വി. വാസുദേവൻ | 01.04.2017 മുതൽ 31.03.2018 വരെ |

2) സെക്രട്ടറി

| | | |
|---|---|---|
| 1 | ശ്രീമതി. എസ്. സബീന. | 01.04.2017മുതൽ 10.04.2017 വരെ |
| 2. | ശ്രീമതി. എസ്. ശുഭാദേവി | 11.04.17 മുതൽ 31.03.2018 വരെ |
| അസി.സെക്രട്ടറി | | |
| 1.<br>2. | ശ്രീമതി. സബീന. എസ്.<br>ശ്രീ. ജയകുമാർ. കെ | 01.04.2017 മുതൽ 18.06.2017 വരെ<br>19.06.2017 മുതൽ 31.03.2018 വരെ |

3) സ്റ്റാൻഡിംഗ് കമ്മറ്റി ചെയർമാൻ/ചെയർപേഴ്സൺ

| | | | |
|---|---|---|---|
| 1 | ധനകാര്യം | ശ്രീമതി. കുഞ്ഞുമോൾ റെജി | 01.04.2017 മുതൽ 31.03.2018 വരെ |
| 2 | വികസനകാര്യം | ശ്രീ. നികേഷ് തമ്പി | 01.04.2017 മുതൽ 31.03.2018 വരെ |
| 3 | ക്ഷേമകാര്യം | ശ്രീ. എസ്.ജ്യോതികുമാർ | 01.04.2017 മുതൽ 31.03.2018 വരെ |
| 4 | ആരോഗ്യകാര്യം<br>വിദ്യാഭ്യാസകാര്യം | ശ്രീമതി. ആർ.ഷൈലജ | 01.04.2017 മുതൽ 31.03.2018 വരെ |

4) മറ്റ് നിർവ്വഹണ ഉദ്യോഗസ്ഥരുടെ പേര് വിവരങ്ങൾ

| | | | |
|---|---|---|---|
| 1 | കൃഷി ഓഫീസർ | ശ്രീമതി.ഷാഹിദാ ബീവി.എ<br>ശ്രീ.പ്രീതകുമാർ.ബി | 01.04.2017 മുതൽ 15.10.2017വരെ<br>16.10.2017 മുതൽ 31.03.2018 വരെ |
| 2 | വെറ്ററിനറി സർജൻ | ഡോ. എസ്.ലേഖ | 01.04.2017 മുതൽ 31.03.2018 വരെ |
| 3 | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | ശ്രീമതി.മേരിലത | 01.04.2017 മുതൽ 31.03.2018 വരെ |
| 4 | മെഡിക്കൽ ഓഫീസർ,<br>പി.എച്ച്.സി | ഡോ. സ്മിത. ജി. | 01.04.2017 മുതൽ 31.03.2018 വരെ |
| 5 | മെഡിക്കൽ ഓഫീസർ<br>(ആയുർവേദം) | ഡോ. നൈസി ഖാൻ | 01.04.2017 മുതൽ 31.03.2018 വരെ |
| 6 | മെഡിക്കൽ ഓഫീസർ<br>(ഹോമിയോ) | ഡോ. ബോബൻ. ജെ<br>ഡോ. അബ്ദുൾ റസാക്ക് | 01.04.17മുതൽ 04.07.17 വരെ<br>05.07.2017 മുതൽ 31.03.2018 വരെ |
| 7 | ഡയറി ഫാം ഇൻസ്ട്രക്ടർ | ശ്രീമതി. ബീന. എസ് | 01.04.2017 മുതൽ 31.03.2018 വരെ |
| 8 | ഹെഡ്മാസ്റ്റർ, ഗവ.എൽ.പി.എസ്. | ശ്രീ. രഘുനാഥകുറുപ്പ് | 01.04.2017 മുതൽ 31.03.2018 വരെ |
| 9 | അസിസ്റ്റന്റ് എൻജിനീയർ | ശ്രീ. സജി. എം | 01.04.2017 മുതൽ 31.03.2018 വരെ |
| 10 | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | ശ്രീമതി. ഷൈലജ<br>ശ്രീ.അരുൺകുമാർ | 01.04.2017 മുതൽ 31.03.2018 വരെ<br>01.04.2017 മുതൽ 31.03.2018 വരെ |

ഉള്ളടക്കം



| ക്രമ നം. | ഖണ്ഡിക നം. | ഇനം |
|---|---|---|
| ഭാഗം – 1 | | |
| 1 | 1-1 മുതൽ<br>1-11 വരെ | പൊതു അവലോകനം |
| ഭാഗം – 4 | | |
| 2 | 2-1 | വസ്തു നികുതി സംബന്ധിച്ച അപാകതകൾ |
| 3 | 2-2 | മൊബൈൽ ടവറുകളിൽ നിന്നും വസ്തു നികുതി ഈടാക്കിയില്ല |
| 4 | 2-3 | പെർമിറ്റ് രജിസ്റ്ററിൽ പൂർണ്ണ വിവരങ്ങൾ രേഖപ്പെടുത്തുന്നില്ല |
| 5 | 2-4 | തൊഴിൽ നികുതി സംബന്ധിച്ച അപാകതകൾ |
| 6 | 2-5 | സ്ഥാപനങ്ങൾ ഡി & ഒ ലൈസൻസ് കൂടാതെ പ്രവർത്തിക്കുന്നു |
| ഭാഗം – 3 | | |
| 7 | 3-1 | ബഡ്സ് സ്കൂൾ, പകൽ വീട് എന്നിവയുടെ പ്രവർത്തനം ആരംഭിച്ചില്ല - നിഷ്ക്രിയ ആസ്തികളായി തുടരുന്നു |
| 8 | 3-2 | തൊഴിലുറപ്പ് പദ്ധതി-എസ്റ്റിമേറ്റ് തയ്യാറാക്കിയതിൽ അപാകത - 23908/-രൂപയുടെ അധികചെലവ്. |
| 9 | 3-3 | ലഭ്യമായ വികസന ഫണ്ട്/മെയിന്റനൻസ് ഗ്രാന്റിൽ നിന്നും 82.77ലക്ഷം രൂപ ചെലവഴിച്ചിട്ടില്ല. |
| 10 | 3-4 | പ്ലാസ്റ്റിക് നിർമ്മാർജ്ജനം - തുടർപ്രവർത്തനങ്ങളില്ല. |
| 11 | 3-5 | തെരുവുവിളക്കുകൾക്ക് മീറ്റർ സ്ഥാപിച്ചില്ല |
| 12 | 3-6 | ടെന്റർ ഫാറവില തിരികെ ഈടാക്കിയില്ല. |
| ഭാഗം – 4 | | |
| 13 | 4-1 മുതൽ<br>4-10 വരെ | പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും |
| 14 | അനുബന്ധം - I | ഓഡിറ്റ് സർട്ടിഫിക്കറ്റ് |
| 15 | അനുബന്ധം – II | |



## ഭാഗം 1

## പൊതു അവലോകനം

### 1-1 ബജറ്റ്

2017-18 വർഷത്തെ ബജറ്റ് 23.03.2017ലെ ഗ്രാമപഞ്ചായത്ത് കമ്മിറ്റിയുടെ I(1) -ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു. ബജറ്റിന്റെ വിശദ വിവരം ചുവടെ ചേർക്കുന്നു.

| | വരവ് | ചെലവ് |
|---|---|---|
| ബജറ്റ് പ്രകാരം | 176236138 | 184538913 |
| വാർഷിക കണക്ക് പ്രകാരം | 100577643 | 76525011 |

1-1 (എ) ബജറ്റ് രൂപീകരണം - അപാകതകൾ

വിട്ടുകിട്ടിയ സ്ഥാപനങ്ങളുടെ നോൺ പ്ലാൻ എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിനായി ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റിയുടെ നേതൃത്വത്തിൽ ഘടക സ്ഥാപന മേധാവികളുടെ ഒരു യോഗം സെക്രട്ടറി വിളിച്ചു ചേർക്കണമെന്നും, ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി തയ്യാറാക്കിയ ബഡ്ജറ്റ് നിർദ്ദേശങ്ങളും, മറ്റ് സ്റ്റാൻഡിംഗ് കമ്മറ്റികൾക്ക് പരിശോധനയ്ക്കും നിർദ്ദേശങ്ങൾക്കുമായി നൽകേണ്ടതാണ്. ഇവയുടെ നിർദ്ദശങ്ങൾ കൂടി ഉൾപ്പെടുത്തി പ്ലാൻ, നോൺ പ്ലാൻ ചെലവുകൾ വാർഷിക പദ്ധതിയുമായി യോജിപ്പിച്ചു വേണം ബജറ്റ് രൂപീകരിക്കേണ്ടത്. എന്നാൽ ഇപ്രകാരം ചെയ്തിട്ടില്ല. ഇതുമൂലം ബജറ്റ് യഥാർത്ഥ വരവ് ചെലവ് എന്നിവയിൽ വലിയ അനന്തരം നിലനിൽക്കുന്നു. ആയതിനാൽ 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം സെക്ഷൻ 214 പ്രകാരമുള്ള എല്ലാ നടപടികളും പാലിച്ചു കൊണ്ടും പഞ്ചായത്തിന്റെ യഥാർത്ഥ ധനസ്ഥിതി പരിഗണിച്ചുകൊണ്ടും ബജറ്റ് തയ്യാറാക്കുന്നതിന് അധികൃതർ ശ്രദ്ധിക്കേണ്ടതാണ്.

## 1-2 വാർഷിക ധനകാര്യപത്രിക.

| വർഷം | ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|---|
| 2017-18 | 31.07.2018 | 11.05.2018 |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം.

| വർഷം | സർട്ടിഫിക്കറ്റ് നമ്പർ/തീയതി | സർട്ടിഫിക്കറ്റ് വിവരം |
|---|---|---|
| 2017-18 | കെ.എസ്.എ.എ.എൽ.പി.ജി.എ4-1126(53)/2018, 03.07.2018 | വിശേഷണങ്ങളോടു കൂടിയത് |

വാർഷിക കണക്ക് പരിശോധനയിൽ കണ്ട അപാകതകളിന്മേൽ ഗ്രാമപഞ്ചായത്ത് നൽകിയ മറുപടി *(എ5-602/18,* തീയതി. *19.09.2018)* പരിശോധിച്ചതിൽ ക്രമ നം. *7* ആയി പരാമർശിച്ചിരുന്ന ആസ്തി രജിസ്റ്ററിന്റെ അപാകതകൾ പരിഹരിച്ചിട്ടുള്ളതായിയാണ് രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ കാലികമാക്കിയ ആസ്തി രജിസ്റ്റർ പ്രിന്റ് എടുത്ത് സൂക്ഷിച്ചിട്ടില്ല. ആയതിനാൽ ഓഡിറ്റ് വേളയിൽ പരിശോധിക്കാൻ കഴിഞ്ഞിട്ടില്ല. മറ്റ് അപാകതകൾ പരിഹരിച്ചിട്ടുണ്ട്.

## 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 15354437 |
| വരവ് | 85223206 |
| ആകെ | 100577643 |
| ചെലവ് | 76525011 |
| നീക്കിയിരിപ്പ് | 24012241 |

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| വികസനഫണ്ട് – പൊതുവിഭാഗം | 0 | 19682000 | 19682000 | 19190201 | 491799 |
| വികസനഫണ്ട് – എസ്.സി.പി. | 0 | 12638277 | 12638277 | 9662334 | 2975943 |
| വികസനഫണ്ട് – ടി.എസ്.പി. | 0 | 14994 | 14994 | - | 14994 |
| സി.എഫ്.സി | 0 | 9104394 | 9104394 | 5744735 | 3359659 |
| കെ.എൽ.ജി.എസ്.ഡി.പി | 0 | 4073237 | 4073237 | 3608261 | 464976 |
| സംരക്ഷണഗ്രാന്റ് റോഡ് | 0 | 9026000 | 9026000 | 6080202 | 294579 |
| സംരക്ഷണഗ്രാന്റ് (നോൺ റോഡ്) | 0 | 4343000 | 4343000 | 3668114 | 674886 |
| എം.എൻ.ആർ. ഇ. ജി.എസ്. | 143747 | 1411682 | 1555429 | 1552709 | 2720 |
| ബി-ഫണ്ട് | 0 | 278000 | 278000 | 278000 | - |
| ദുരിതാശ്വാസ ഫണ്ട് | 22136 | 30735 | 52871 | - | 52871 |
| എസ്ബിറ്റി പൈക്ക | 79823 | 2973 | 82796 | - | 82796 |
| റ്റിഎസ്ബി ജോയിന്റ് വെൻച്വർ | - | 2046550 | 2046550 | 1799588 | 246962 |
| ട്രഷറി റ്റിഎസ്ബി (ജനറൽ പർപ്പസ്) | 4119119 | 12952899 | 17072018 | 6042320 | 11029698 |
| സാക്ഷരത | 16090 | 215 | 16305 | 12000 | 4305 |
| കറന്റ് അക്കൗണ്ട് ഇ-പേയ്മെന്റ് | - | 70820 | 70820 | - | 70820 |
| തനത്ഫണ്ട് | 8756711 | 16125823 | 24882534 | 16167443 | 8715091 |
| ക്യാഷ് തനത് ഫണ്ട് | 242403 | 99384 | 341787 | 242403 | 242403 |
| NMGB – സാനിട്ടേഷൻ SBI ട്രഷറി | 1974408 | 2223935 | 4198343 | (*) 490749 | 3707594 |

(*) ടോട്ടൽ സാനിട്ടേഷന് ലഭിച്ച 206575/- രൂപ തിരികെ നൽകിയതുൾപ്പെടെ.

## 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| വർഷം | അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ചത്- ശതമാനം |
|---|---|---|---|---|---|---|---|
| 2017-18 | 169 | 94410975 | 87 | 54372208 | 66 | 16 | 51% |

## 1-7 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 143747 | 1411682 | 1555429 | 1552709 | 2720 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകൽ | 0 | 38895424 | 38895424 | 38895424 | 0 |

## 1-8 ക്ഷേമപദ്ധതികൾ

ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 126000 | 212 |
| കർഷകതൊഴിലാളി പെൻഷൻ | 12606700 | 1104 |
| വിധവാപെൻഷൻ | 16634700 | 1501 |
| വാർദ്ധക്യകാലപെൻഷൻ | 29788700 | 2562 |
| വികലാംഗപെൻഷൻ | 4203300 | 378 |
| അവിവാഹിതപെൻഷൻ | 696500 | 92 |
| വിവാഹധനസഹായം (വിധവകളുടെ പെൺമക്കൾക്ക്) | 60000 | 2 |

## 1-9 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്റ്റിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 24.11.2018, 4.15 PM – ന് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 10050/- രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-10 ആഭ്യന്തര നിയന്ത്രണം

1. ഗ്രാമപഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനം തൃപ്തികരമായി പ്രവർത്തിക്കുന്നുണ്ടെങ്കിലും രജിസ്റ്ററുകളുടെയും രേഖകളുടെയും സൂക്ഷിപ്പ് പൂർണ്ണമായും തൃപ്തികരമല്ല.
2. പഞ്ചായത്ത് ഭരണ സമിതി, വിവിധ സ്റ്റാന്റിംഗ് കമ്മിറ്റികൾ, വർക്കിംഗ് ഗ്രൂപ്പുകൾ, ഗ്രാമസഭകൾ എന്നിവയുടെ യോഗങ്ങൾ നിയമത്തിലും, ചട്ടങ്ങളിലും വ്യവസ്ഥ ചെയ്തിരിക്കുന്ന പ്രകാരം കൂടുന്നുണ്ടെങ്കിലും സ്ഥാപനത്തിന്റെ വരവ്- ചെലവ് കണക്കുകൾ, പദ്ധതിച്ചെലവുകൾ, ദൈനംദിന പ്രവർത്തനങ്ങൾ എന്നിവയുടെ വിലയിരുത്തൽ നടത്തുന്നില്ല.
3. ഫ്രണ്ട് ഓഫീസ് വഴി ലഭിക്കുന്ന തപാലുകൾ സൂചിക പ്രകാരം സെക്രട്ടറി ഇൻഷ്യൽ ചെയ്ത് അതാത് സെക്ഷനുകൾക്ക് കൈമാറുന്നുണ്ട്. എന്നാൽ തൻപതിവേട് സൂക്ഷിക്കാത്തതുമൂലം തപാലുകളിന്മേൽ സമയക്രമം പാലിക്കുന്നുണ്ടോ എന്ന് ഉറപ്പാക്കാൻ കഴിയുന്നില്ല.
4. ക്ഷമതയുള്ള അധികാരികളുടെ സാക്ഷ്യപ്പെടുത്തലോടെ വാർഷിക സ്റ്റോക്ക് ബാലൻസ് പരിശോധിക്കപ്പെടുന്നില്ല.
5. ആസ്തി രജിസ്റ്റർ സൂക്ഷിക്കുന്നുണ്ടെങ്കിലും, പഞ്ചായത്തിന്റെ എല്ലാ ആസ്തികളും അതിൽ ഉണ്ടെന്ന് ഉറപ്പുവരുത്തിയിട്ടില്ല. കാലഹരണപ്പെട്ടതും, പ്രവർത്തന രഹിതവുമായ ആസ്തികൾക്ക് പ്രത്യേക രജിസ്റ്റർ സൂക്ഷിക്കപ്പെടുന്നില്ല. കൂടാതെ പുതുതായി സൃഷ്ടിക്കപ്പെടുന്ന ആസ്തികൾ അതിന്റെ യഥാർത്ഥ മൂല്യത്തോടെയും, ചട്ടത്തിൽ നിഷ്കർഷിക്കുന്ന ഡിപ്രസിയേഷൻ നൽകിയും ചേർക്കുന്നില്ല.
6. തീർപ്പാക്കാനവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടികളിന്മേൽ നടപടികൾ സ്വീകരിക്കേണ്ടതാണ്.

   അപാകതകൾ പരിഹരിച്ച് ആഭ്യന്തര നിയന്ത്രണ സംവിധാനം കാര്യക്ഷമമാക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 23/10/18 | 09/18 | 24/11/18 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 2016-17 | 2012-13 മുതൽ 2016-17 | 23/10/17 |

# ഭാഗം-2

## വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 വസ്തു നികുതി സംബന്ധിച്ച അപാകതകൾ

2017-18 സാമ്പത്തിക വർഷം പുതുതായി നമ്പർ നൽകിയ XI/7E, XI/7F, XI/7G, XI/7H എന്നീ കടമുറികളുടെ വസ്തു നികുതിനിർണ്ണയത്തിൽ താഴെപ്പറയുന്ന അപാകത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

മേൽ കടമുറികളുടെ നികുതി നിർണ്ണയത്തിനായി ഉടമസ്ഥനായ തമ്പി മുരുകൻ സമർപ്പിച്ചിട്ടുള്ള അപേക്ഷയിലും പെർമിറ്റ് ഫയലിലും കംപ്ലീഷൻ പ്ലാനിലും പരിശോധന നടത്തിയ ഓവർസിയറുടെ റിപ്പോർട്ടിലും 4 മുറികളുടേയും ആകെ വിസ്തീർണം (Plinth Area) 86.99 ച.മീറ്ററാണെന്ന് സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ആകെ വിസ്തീർണ്ണം 63.38 ച.മീറ്ററായി കണക്കാക്കി (XI/7E-13.5$m^2$, XI/7F-13.5$m^2$, XI/7G-13.5$m^2$, XI/7H-22.88$m^2$) വസ്തുനികുതി നിർണ്ണയിച്ചതിനാൽ അടിസ്ഥാന വസ്തു നികുതിയിൽ 708/- രൂപയുടെ നഷ്ടം ഉണ്ടായിട്ടുണ്ട്. കംപ്ലീഷൻ പ്ലാനിലുള്ളതിലും കുറവായി വിസ്തീർണ്ണം കണക്കാക്കി വസ്തു നികുതി നിർണ്ണയിച്ചത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.13) ടോയ്‌ലെറ്റ് ഉൾപ്പെടെയുള്ള ഭാഗം ഒഴിവാക്കിയാണ് നികുതി നിർണ്ണയിച്ചതെന്നും നഷ്ടം വന്ന തുക ഈടാക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. നഷ്ടം ബന്ധപ്പെട്ട വ്യക്തികളിൽ നിന്നും ഈടാക്കാത്ത പക്ഷം സെക്രട്ടറിയുടെ ബാദ്ധ്യതയായിരിക്കുന്നതാണ്.

## 2-2 മൊബൈൽ ടവറുകളിൽ നിന്നും വസ്തു നികുതി ഈടാക്കിയില്ല

പഞ്ചായത്ത് പരിധിയിൽ ആകെ 8 മൊബൈൽ ടവറുകൾ പ്രവർത്തിക്കുന്നുണ്ടെങ്കിലും 6 എണ്ണത്തിൽ നിന്ന് മാത്രമാണ് വസ്തു നികുതി ഈടാക്കുന്നത്. IX/62, XI/475 എന്നീ നമ്പരുകളിൽ പ്രവർത്തിക്കുന്ന 2 ടവറുകളിൽ നിന്ന് നാളിതുവരെ വസ്തുനികുതി ഈടാക്കിയില്ല. ഈ വിഷയത്തിന് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 10) വസ്തു നികുതി ഈടാക്കുന്നതിനായി ഡിമാന്റ് നോട്ടീസ്, റവന്യൂ റിക്കവറി നോട്ടീസ് എന്നിവ ടി സ്ഥാപനങ്ങൾക്ക് നൽകിയതായി അറിയിച്ചു. പഞ്ചായത്ത് പ്രദേശത്ത് പ്രവർത്തിക്കുന്ന എല്ലാ മൊബൈൽ ടവറുകളിൽ നിന്നും വസ്തു നികുതി സമയബന്ധിതമായി പിരിച്ചെടുക്കാനാവശ്യമായ നടപടി സ്വീകരിക്കേണ്ടതാണ്. വിഷയത്തിൽ ഭരണസമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

## 2-3 പെർമിറ്റ് രജിസ്റ്ററിൽ പൂർണ്ണ വിവരങ്ങൾ രേഖപ്പെടുത്തുന്നില്ല

പെർമിറ്റ് കാലാവധിക്കുള്ളിൽ പണി പൂർത്തിയാക്കി നമ്പർ ലഭിച്ച കെട്ടിടങ്ങൾ (കോളം 20), പെർമിറ്റ് കാലാവധിക്കുള്ളിൽ (3 വർഷം) പണി പൂർത്തിയാക്കാത്തതിനാൽ പെർമിറ്റ് പുതുക്കി നൽകിയ കെട്ടിടങ്ങൾ എന്നിവയുടെ വിവരങ്ങൾ രജിസ്റ്ററിൽ രേഖപ്പെടുത്തുന്നില്ല. കൂടാതെ പെർമിറ്റ് കൂടാതെ പണി പൂർത്തിയാക്കി റെഗുലറൈസ് ചെയ്ത കെട്ടിടങ്ങളുടെ വിവരങ്ങൾ ഒരു രജിസ്റ്ററിലും രേഖപ്പെടുത്തുന്നില്ല. നിർമ്മിക്കാൻ ഉദ്ദേശിക്കുന്ന കെട്ടിടങ്ങളുടെ വിസ്തീർണ്ണം പോലും രജിസ്റ്ററിൽ തെറ്റായി രേഖപ്പെടുത്തുന്നു. (ഉദാ. പെർമിറ്റ് നം. 3044, 4251, 782, 6230, 6415) പണി പൂർത്തിയാക്കി നമ്പർ നൽകിയ കെട്ടിടങ്ങളുടെ വിവരങ്ങൾ ഉൾപ്പെടെ പെർമിറ്റ് രജിസ്റ്ററിൽ ആവശ്യമായ വിവരങ്ങൾ കൃത്യമായി രേഖപ്പെടുത്താൻ ശ്രദ്ധിക്കേണ്ടതാണ്.

## 2-4 തൊഴിൽ നികുതി സംബന്ധിച്ച അപാകതകൾ

എ) തൊഴിൽ നികുതി, സ്ഥാപന നികുതി ഒടുക്കാതെ സ്ഥാപനങ്ങൾ

ഭരണിക്കാവ് ഗ്രാമ പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന താഴെപ്പറയുന്ന വ്യക്തികളിൽ/സ്ഥാപനങ്ങളിൽ നിന്നും 2017-18 ൽ തൊഴിൽ നികുതി / സ്ഥാപന നികുതി ഈടാക്കിയതായി രേഖയില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | സ്ഥാപനം | ഇനം/അർദ്ധ വർഷം |
|---|---|---|
| 1 | എൻ.ആർ.ഇ.ജി.എസ്. സ്റ്റാഫ് | തൊഴിൽ നികുതി (II$^{nd}$ Half) |
| 2 | ശ്രീ.ആസാദ്, ഡ്രൈവർ, ഭരണിക്കാവ് ഗ്രാമപഞ്ചായത്ത് | തൊഴിൽ നികുതി ( II$^{nd}$ Half) |
| 3 | നാദിയ കാഷ്യൂ കമ്പനി | തൊഴിൽ നികുതി (I$^{st}$& II$^{nd}$ Half) |
| 4 | മാവേലിസ്റ്റോർ, ഭരണിക്കാവ് | സ്ഥാപനനികുതി( II$^{nd}$ Half) |
| 5 | ശ്രീ ശ്രീ രവിശങ്കർ വിദ്യാമന്ദിർ | തൊഴിൽ നികുതി ( II$^{nd}$ Half) |
| സ്ഥാപനനികുതി ഒടുക്കാത്ത ധനകാര്യ സ്ഥാപനങ്ങൾ | | |
| 1 | സർവീസ് കോപ്പറേറ്റീവ് ബാങ്ക് നം. 965, പള്ളിക്കൽ, നടുവിലേ മുറി | സ്ഥാപന നികുതി (I$^{st}$ Half ) |
| 2 | മണപ്പുറം ഫിനാൻസ്, കറ്റാനം | സ്ഥാപന നികുതി (I$^{st}$ & II$^{nd}$ Half) |
| 3 | എസ്.ബി.ഐ, പള്ളിക്കൽ | സ്ഥാപന നികുതി (I$^{st}$ Half) |
| 4 | ഭരണിക്കാവ് സർവീസ് സഹകരണ ബാങ്ക് | സ്ഥാപന നികുതി ( II$^{nd}$ Half) |
| 5 | സൗത്ത് ഇൻഡ്യൻ ബാങ്ക് | സ്ഥാപന നികുതി ( II$^{nd}$ Half) |

ടി സ്ഥാപനങ്ങളുടെ തൊഴിൽ നികുതി, സ്ഥാപനനികുതി എന്നിവ ഡിമാന്റിൽ ഉൾപ്പെടുത്താതെ കളക്ഷൻ തുക മാത്രം ഉൾപ്പെടുത്തി ഡി.സി.ബി തയ്യാറാക്കുക വഴി കുടിശ്ശികയൊന്നും ലഭിക്കാനില്ലാത്തതായി

രേഖപ്പെടുത്തുകയാണ് ചെയ്തത്. പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന മുഴുവൻ സ്ഥാപനങ്ങളേയും വ്യക്തികളേയും ഉൾപ്പെടുത്തി ഡിമാന്റ് പരിഷ്കരിച്ച് ഡി.സി.ബി തയ്യാറാക്കേണ്ടതും മേൽ പരാമർശിച്ച വ്യക്തികൾ/ സ്ഥാപനങ്ങൾ എന്നിവയിൽ നിന്നും വരുമാനത്തിനനുസൃതമായി തൊഴിൽ നികുതി, ധനകാര്യസ്ഥാപനങ്ങളിൽ നിന്ന് സ്ഥാപനനികുതി എന്നിവ കുടിശ്ശിക സഹിതം പിരിച്ചെടുക്കേണ്ടതും, വിശദാംശങ്ങൾ ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

ബി) <u>അരിയർ ഡിമാന്റ് രജിസ്റ്റർ സൂക്ഷിക്കുന്നില്ല</u>

ഭരണിക്കാവ് പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന പല പ്രധാന സ്ഥാപനങ്ങളും (ഉദാ. വെള്ളാപ്പള്ളി നടേശൻ കോളേജ് ഓഫ് എഞ്ചിനീയറിംഗ്) സാമ്പത്തിക വർഷം അവസാനിച്ച ശേഷം കുടിശ്ശികയായാണ് തൊഴിൽ നികുതി ഒടുക്കിയിട്ടുള്ളത്. എന്നാൽ തൊഴിൽ നികുതി സംബന്ധിച്ച അരിയർ ഡിമാന്റ് രജിസ്റ്റർ നാളിതുവരെ തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല. ഈ വിഷയത്തിന് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.8) അരിയർ ഡിമാന്റ് രജിസ്റ്റർ എഴുതി തയ്യാറാക്കുന്നതാണെന്ന് മറുപടി ലഭിച്ചു. ലഭിക്കാനുള്ള കുടിശ്ശികകളെല്ലാം ഉൾപ്പെടുത്തി അരിയർ ഡിമാന്റ് രജിസ്റ്റർ തയ്യാറാക്കി സൂക്ഷിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

സി) <u>ഡിമാന്റ് തുകയേക്കാൾ കുറവായി ഈടാക്കി</u>

2017-18 സാമ്പത്തിക വർഷം തൊഴിൽ നികുതി ഒടുക്കാതിരുന്നതിനെത്തുടർന്ന് വെള്ളാപ്പള്ളി നടേശൻ കോളേജ് ഓഫ് എഞ്ചിനീയറിംഗ് എന്ന സ്ഥാപനത്തിന് പഞ്ചായത്തിൽ നിന്നും എ4-5194/18 നമ്പർ പ്രകാരം ഡിമാന്റ് നോട്ടീസ് നൽകുകയും ടി നോട്ടീസിൽ 2017-18 സാമ്പത്തിക വർഷം രണ്ട് അർദ്ധ വർഷങ്ങളിലുമായി 269192/- രൂപ ഡിമാന്റ് ചെയ്യുകയുമുണ്ടായി. എന്നാൽ സാമ്പത്തിക വർഷം അവസാനിച്ച് 06/2018 ൽ മാത്രമാണ് ടി സ്ഥാപനം 240054/- രൂപ ഒടുക്കിയിട്ടുള്ളത്. ഡിമാന്റ് തുകയേക്കാൾ കുറവായി തൊഴിൽ നികുതി ഈടാക്കിയതിന് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.8) ഒന്നാം അർദ്ധവർഷം തൊഴിൽ നികുതി ഒടുക്കിയ പല ജീവനക്കാരും രണ്ടാം അർദ്ധവർഷം ജോലി ചെയ്തിട്ടില്ലായെന്നും കുട്ടികളുടെ കുറവ് കാരണം ജീവനക്കാരുടേയും അദ്ധ്യാപകരുടേയും എണ്ണം കുറച്ചിട്ടുണ്ടെന്നും കോളേജിൽ നിന്ന് അറിയിച്ചതായി മറുപടി ലഭിച്ചു. പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന ഇത്തരം സ്ഥാപനങ്ങളിൽ ജോലി ചെയ്യുന്ന ജീവനക്കാരുടെ വിവരങ്ങൾ ആവശ്യപ്പെട്ട് അവരിൽ നിന്ന് നിയമാനുസൃത തൊഴിൽ നികുതി ഭാവിയിൽ യഥാസമയം ഈടാക്കാനാവശ്യമായ സത്വര നടപടികൾ സ്വീകരിക്കേണ്ടതാണ്. വിഷയത്തിൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

ഡി) <u>കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയില്ല</u>

2017-18 സാമ്പത്തിക വർഷം 11 കരാറുകാർ പഞ്ചായത്തിലെ വിവിധ കരാർ പ്രവർത്തികൾ ഏറ്റെടുത്ത് നടത്തുകയുണ്ടായി. കേരള പഞ്ചായത്ത് രാജ് ആക്ട് ചട്ടം 3, സെക്ഷൻ 204, 205 എന്നിവ പ്രകാരം പഞ്ചായത്ത് പരിധിയിൽ 60 ദിവസത്തിൽ കൂടുതൽ പ്രവർത്തിച്ച ഏതൊരാളും തൊഴിൽ നികുതി ഒടുക്കാൻ ബാധ്യസ്ഥനാണ്. എന്നാൽ ഈ കരാറുകാരിൽ നിന്നും 2017-18 ൽ തൊഴിൽ നികുതി ഈടാക്കിയില്ല. ഈ വിഷയത്തിന് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.9) മറുപടി ലഭ്യമാക്കിയില്ല. പഞ്ചായത്ത് പ്രദേശത്ത് സ്ഥിരമായി പ്രവർത്തിക്കുന്ന ഇത്തരം കരാറുകാരിൽ നിന്നും ലഭിക്കേണ്ട തൊഴിൽ നികുതി ഈടാക്കി പഞ്ചായത്തിനുണ്ടായ നഷ്ടം ഒഴിവാക്കാനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 2-5 <u>സ്ഥാപനങ്ങൾ ഡി & ഒ ലൈസൻസ് കൂടാതെ പ്രവർത്തിക്കുന്നു</u>

ഓഡിറ്റിന് ഹാജരാക്കിയ ട്രേഡേഴ്സ് ലിസ്റ്റ്പ്രകാരം പഞ്ചായത്ത് പരിധിയിൽ 500 ൽ അധികം സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നതായി രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ 2017-18 ൽ 353 സ്ഥാപനങ്ങൾ മാത്രമാണ് പഞ്ചായത്തിൽ നിന്നും ലൈസൻസ് എടുത്തിട്ടുള്ളത്. കൂടാതെ പഞ്ചായത്ത് പ്രദേശത്ത് പ്രവർത്തിക്കുന്ന റേഷൻ കടകൾ, കള്ളുഷാപ്പുകൾ, മാവേലിസ്റ്റോർ, ബിവറേജസ് ഔട്ട് ലെറ്റ് എന്നിവയിൽ നിന്ന് ഡി & ഒ ഫീസും ആനുപാതികമായി തൊഴിൽ നികുതിയും ഈടാക്കിയില്ല. ഈ വിഷയത്തിന് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.9) മറുപടി ലഭ്യമാക്കിയില്ല. ട്രേഡേഴ്സ് ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ളതും പഞ്ചായത്ത് പ്രദേശത്ത് പ്രവർത്തിക്കുന്നതുമായ മുഴുവൻ സ്ഥാപനങ്ങളിൽ നിന്നും ഡി & ഒ ഫീസും തൊഴിൽ നികുതിയും ഈടാക്കാൻ ഭാവിയിൽ ശ്രദ്ധിക്കേണ്ടതാണ്.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 3-1 ബഡ്സ് സ്കൂൾ, പകൽ വീട് എന്നിവയുടെ പ്രവർത്തനം ആരംഭിച്ചില്ല - നിഷ്ക്രിയ ആസ്തികളായി തുടരുന്നു

പകൽ വീട് (വാർഡ്-5), ബഡ്സ് സ്കൂൾ (വാർഡ്-21) എന്നീ സ്ഥാപനങ്ങളുടെ നിർമ്മാണം പൂർത്തീകരിച്ചിട്ടുള്ളതാണ്. 2017-18 വർഷം ഐ.സി.ഡി.എസ്. സൂപ്പർവൈസർ നിർവ്വഹണം നടത്തിയ രണ്ടു പദ്ധതികളിലായി ബഡ്സ് സ്കൂളിനു 165426/- രൂപയുടെ ഫർണിച്ചറും, മറ്റ് ഉപകരണങ്ങളും, പകൽ വീടിനു 118114/- രൂപയുടെ ഫർണിച്ചറും വാങ്ങിയിട്ടുണ്ട്. കെട്ടിടങ്ങളും, അടിസ്ഥാന സൗകര്യങ്ങളും ഒരുക്കിയിട്ടും ഈ സ്ഥാപനങ്ങൾ നാളിതുവരെയും പ്രവർത്തനം ആരംഭിച്ചിട്ടില്ല. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിനു, ഉദ്ഘാടന തീയതി നിശ്ചയിച്ചിട്ടില്ലാത്തതിനാലാണ് പ്രവർത്തനം ആരംഭിക്കാത്തതെന്നു മറുപടി ഹാജരാക്കി.

സ്ഥാപനങ്ങളുടെ പ്രവർത്തനം ആരംഭിക്കുന്നതിനുള്ള നടപടികൾ ത്വരിതപ്പെടുത്തേണ്ടതാണ്. ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധ ഈ വിഷയത്തിലേക്കു ക്ഷണിക്കുന്നു.

### 3-2 തൊഴിലുറപ്പ് പദ്ധതി-എസ്റ്റിമേറ്റ് തയ്യാറാക്കിയതിൽ അപാകത - 23908/-രൂപയുടെ അധികചെലവ്.

പ്രോജക്ടിന്റെ പേര് - നഴ്സറി നിർമ്മാണം - വാർഡ് 4

work code - 1611003001 /DP / 144527

T.S no. - 133 /19 -08-17

എം ബുക്ക് നം. - 160 / 15-16

2017-18 വർഷം തൊഴിലുറപ്പു പദ്ധതിയിൽ നിർവ്വഹണം നടത്തിയ നേഴ്സറി നിർമ്മാണം വാർഡ് - 4 എന്ന പദ്ധതിയിൽ, വാരം തയ്യാറാക്കൽ, വൃക്ഷ തൈകൾ ഉല്പാദിപ്പിക്കുക, നടുക, പരിപാലിക്കുക, ജൈവ വേലി നിർമ്മാണം എന്നീ പ്രവർത്തികൾ ഉൾപ്പെടുത്തിയിരുന്നു. എസ്റ്റിമേറ്റിലെ ഇനം 2 പ്രകാരം 15 m x 1.5 m അളവിലുള്ള 120 വാരങ്ങൾ നിർമ്മിക്കുന്നതിനു വകയിരുത്തൽ നടത്തിയിട്ടുണ്ട്. ഇതുപ്രകാരം 2700m$^2$ (120x15x1.5) വിസ്തൃതിയിലാണ് വാരം നിർമ്മാണം നടത്തിയിട്ടുള്ളത്. എസ്റ്റിമേറ്റിലെ ഇനം 3 ൽ 1500 വിത്തുകൾ നടുന്നതിനു വിത്ത് ഒന്നിന് 1.29 രൂപ പ്രകാരം 1935/- രൂപ വകയിരുത്തിയിട്ടുണ്ട്. എന്നാൽ ഇനം 4 ൽ 1500 വിത്തുകൾ വാരത്തിലേക്കു പറിച്ചു നടുന്നതിനു 1500 x 2700 = 33750m$^2$ വിസ്തൃതി കണക്കാക്കി 0.77/ m$^2$ നിരക്കിൽ 25987/- രൂപ വകയിരുത്തി. വാരത്തിന്റെ ആകെ വിസ്തൃതി 2700m$^2$ ആയിരിക്കെ 33750m$^2$ ഏരിയായിൽ തൈകൾ പറിച്ചു നട്ടതിനു എസ്റ്റിമേറ്റ് തയ്യാറാക്കിയതു ക്രമ പ്രകാരമല്ല. 2700 m$^2$ ഏരിയായിൽ തൈകൾ നടുന്നതിനുള്ള തുകയായ 2079/- (2700 x 0.77) മാത്രമാണ് ഈ ഇനത്തിനു അനുവദനീയമായത് .

മേൽ വിഷയത്തിൽ നൽകിയ ഓഡിറ്റ് അന്വേഷണത്തിനു (നം. 15/28-11-18, 17/18) അക്രഡിറ്റഡ് എഞ്ചിനീയർ ഹാജരാക്കിയ മറുപടിയിൽ എസ്റ്റിമേറ്റിൽ കാണിച്ചിരിക്കുന്ന ആകെ 120 വാരത്തിൽ 108 എണ്ണത്തിൽ 13 എണ്ണം വീതം വിത്തുകളും ബാക്കി 12 ൽ 8 എണ്ണം വീതം വിത്തുകളും നട്ടതിനു (108 x13 +12x8) x15 x1.5 = 33750m$^2$ എന്ന ക്രമത്തിലാണ് ഏരിയ കണക്കാക്കിയതെന്ന് പരാമർശിച്ചിരിക്കുന്നു. എന്നാൽ വാരത്തിന്റെ ആകെ ഏരിയ 2700m$^2$ ആയിരിക്കെ 33750m$^2$ ഏരിയായിൽ വിത്തുകൾ പറിച്ചു നട്ടു എന്ന മറുപടി അംഗീകരിക്കുന്നില്ല. അധികം ചെലവഴിച്ച 23908/- രൂപ എസ്റ്റിമേറ്റ് തയ്യാറാക്കിയ അക്രഡിറ്റഡ് എഞ്ചിനീയർ അനുപമ, മേൽ പരിശോധന നടത്തിയ എൽ.എസ്.ജി.ഡി അസിസ്റ്റന്റ് എഞ്ചിനീയർ സാജ്. എം എന്നിവരിൽ നിന്നും ഈടാക്കേണ്ടതാണ്.

### 3-3 ലഭ്യമായ വികസന ഫണ്ട്/മെയിന്റനൻസ് ഗ്രാന്റിൽ നിന്നും 82.77ലക്ഷം രൂപ

ചെലവഴിച്ചിട്ടില്ല.

2017-18 സാമ്പത്തിക വർഷം പദ്ധതി നിർവ്വഹണത്തിനായി ഗ്രാമപ്പഞ്ചായത്തിന് 58881902/- രൂപ ലഭ്യമായെങ്കിലും 47953847/- രൂപ മാത്രമാണ് ചെലവഴിച്ചത്. (81.4%). വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു. ആകെ അനുവദിക്കുന്ന അലോട്ട്മെന്റിൽ നിന്നും പ്രോജക്റ്റുകൾക്കായി ചെലവഴിക്കാതെ നീക്കിയിരുപ്പുണ്ടായിരുന്ന 8276836/- രൂപ 19-09-2015 ലെ ജി.ഒ (പി) നം-419/2015/ ഫിൻ നമ്പർ ഉത്തരവ് പ്രകാരം നഷ്ടമാകുന്ന സാഹചര്യമാണ് നിലവിലുള്ളത്. ആയതിനാൽ സ്പിൽ ഓവർ ആകുന്ന പ്രോജക്റ്റുകൾക്ക് തൻ വർഷത്തെ അലോട്ട്മെന്റിൽ നിന്നും തുക ചെലവഴിക്കേണ്ടതായി വരുന്നു. സ്പിൽ ഓവർ പ്രോജക്റ്റുകൾക്ക് പ്രത്യേകം അലോട്ട്മെന്റ് ലഭിക്കാത്തതിനാൽ യഥാർത്ഥത്തിൽ ലഭിക്കുന്ന തുകയേക്കാൾ കൂടുതൽ തുക പ്രോജക്റ്റിനായി വകയിരുത്തുന്ന സാഹചര്യവും നിലനിൽക്കുന്നു. ഇത് പഞ്ചായത്തിൽ വികസന മുരടിപ്പിന് കാരണമാകും.

| ഫണ്ടിനം | മുന്നിരിപ്പ് | 2017-18ൽ ലഭിച്ച തുക | വാർഷിക പദ്ധതിയിൽ വകയിരുത്തിയ തുക | 2017-18 വർഷത്തെ ചെലവ് | ചെലവഴിക്കാതെ ശേഷിച്ച തുക | ചെലവ് ശതമാനം |
|---|---|---|---|---|---|---|
| വികസന ഫണ്ട്- ജനറൽ | Nil | 19682000 | 23305656 | 19190201 | 491799 | 97.5% |
| വികസന ഫണ്ട്- എസ്.സി.പി | Nil | 12638277 | 15365250 | 9662334 | 2975943 | 76.45% |
| വികസനഫണ്ട് ടി.എസ്.പി. | Nil | 14994 | 15000 | nil | 14994 | nil |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് | Nil | 9104394 | 13025821 | 5744735 | 3359659 | 63.09% |
| ലോകബാങ്ക് സഹായം | Nil | 4073237 | 3791291 | 3608261 | 464976 | 88.6% |
| സംരക്ഷണ ഗ്രാന്റ് -റോഡ് | Nil | 9026000 | 14395554 | 6080202 | 294579 | 67.36% |
| സംരക്ഷണ ഗ്രാന്റ് -റോഡിതരം | Nil | 4343000 | 5670906 | 3668114 | 674886 | 84.46% |
| ആകെ | Nil | 58881902 | 75569478 | 47953847 | 8276836 | 81.4% |

സ്പിൽ ഓവർ പ്രോജക്റ്റുകളുടെ നിർവ്വഹണത്തിന് തുക തൻവർഷത്തെ ബജറ്റ് അലോക്കേഷനിൽ നിന്നുമാണ് കണ്ടെത്തേണ്ടത് എന്നതിനാൽ പദ്ധതി നിർവ്വഹണം അതാത് വർഷം തന്നെ പൂർണ്ണമായും പൂർത്തീകരിക്കുന്നതിന് നിർവ്വഹണ ഉദ്യോഗസ്ഥർ ശ്രദ്ധിക്കേണ്ടതാണ്. അല്ലാത്തപക്ഷം ബജറ്റ് അലോക്കേഷൻ പ്രകാരം ലഭ്യമാകുന്ന തുക ഗ്രാമപ്പഞ്ചായത്തിന് നഷ്ടമാവും. പ്രസ്തുത പ്രവണത മുന്നിൽകണ്ട് ഓരോ പ്രോജക്റ്റിലും വകയിരുത്തുന്ന തുക പൂർണ്ണമായും ചെലവഴിക്കുന്നതിനും പദ്ധതികൾ അതാത് വർഷം തന്നെ പൂർത്തീകരിക്കുന്നതിനും ഭരണസമിതി നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-4 പ്ലാസ്റ്റിക് നിർമ്മാർജ്ജനം - തുടർപ്രവർത്തനങ്ങളില്ല.

പ്ലാസ്റ്റിക് നിർമ്മാർജ്ജനത്തിനായി പ്രോജക്റ്റ് വിഭാവനം ചെയ്ത് തനതുഫണ്ടിൽ നിന്നും 12135/- രൂപ ചെലവഴിച്ച് പരിശീലന പരിപാടി സംഘടിപ്പിച്ചതല്ലാതെ ഈ പദ്ധതിയുടെ തുടർപ്രവർത്തനങ്ങൾ ഒന്നും നടന്നിട്ടില്ല. ദീർഘകാലപദ്ധതിയുടെ ഭാഗമായി ഇപ്രകാരം ഒരു ചെലവുണ്ടായി എന്നതല്ലാതെ പഞ്ചായത്തിന് പ്രയോജനം

ഉണ്ടായിട്ടില്ല.

2018-19 ൽ ഹരിതകർമ്മസേനയ്ക്ക് ശമ്പളം നല്കുന്നതിനായി വയബിലിറ്റി ഗ്യാപ് ഫണ്ട് എന്ന പ്രോജക്ട് വിഭാവനം ചെയ്തിട്ടുണ്ടെന്ന് അറിയിച്ചു. 2018-19ൽ പ്രോജക്ട് വിഭാവനം ചെയ്തിട്ടുണ്ടെങ്കിലും നടപ്പിലാക്കാതെ നീണ്ടുപോകുന്നു. പരിശീലനപരിപാടി സംഘടിപ്പിച്ച ശേഷം ഏഴ് മാസമായെങ്കിലും ഒരു പ്രവർത്തനവും നടന്നിട്ടില്ല. തുടർനടപടികൾ സംഘടിപ്പിക്കേണ്ടതിനെപ്പറ്റി ആരോഗ്യവിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റികളിൽ ചർച്ച നടക്കുന്നതുമില്ല.

പഞ്ചായത്ത് ഉൾപ്പെടുന്ന ബ്ലോക്ക് പഞ്ചായത്ത് ഒരു പ്ലാസ്റ്റിക് ഷ്രഡിംഗ് യൂണിറ്റ് സ്ഥാപിച്ചിട്ടുള്ളതിനാൽ പ്ലാസ്റ്റിക് മാലിന്യം ശേഖരിച്ച് പ്രസ്തുത യൂണിറ്റിന് കൈമാറാനായാൽ പ്ലാസ്റ്റിക് മാലിന്യം നിർമ്മാർജ്ജനം ചെയ്യുന്നതിൽ പഞ്ചായത്തിന് വിജയിക്കാനാകുന്നതാണ്. പ്ലാസ്റ്റിക് വേസ്റ്റ് മാനേജ്മെന്റ് റൂൾസ് 2016 നടപ്പിലാക്കുന്നതിന് തദ്ദേശസ്ഥാപനങ്ങളെ പ്രധാനമായും ഗ്രാമപ്പഞ്ചായത്തിനെയാണ് ചുമതലപ്പെടുത്തിയിരിക്കുന്നത് എന്നതിനാൽ ഈ വിഷയത്തിൽ ക്രിയാത്മകമായി ഇടപെട്ട് ലക്ഷ്യം കൈവരിക്കാൻ ശ്രമിക്കേണ്ടതാണ്.

## 3-5 തെരുവുവിളക്കുകൾക്ക് മീറ്റർ സ്ഥാപിച്ചില്ല

07.07.2010 ലെ 37242/ഡിഡി3/2010/ത.സ്വ.ഭ.വ നമ്പർ സർക്കുലർ പ്രകാരം തെരുവുവിളക്കുകൾക്ക് മീറ്ററിംഗ് സംവിധാനം ഏർപ്പെടുത്താൻ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് സർക്കാർ നിർദ്ദേശം നൽകിയിരുന്നതിൻ പ്രകാരം ഗ്രാമപഞ്ചായത്ത് 2013-14 ൽ തെരുവു വിളക്കുകൾക്ക് മീറ്റർ സ്ഥാപിക്കുന്നതിനായി കെ എസ്.ഇ. ബി യിൽ 429300/- രൂപ കെട്ടിവച്ചിട്ടുണ്ട്. എന്നാൽ മീറ്റർ സ്ഥാപിക്കുന്നതിന്റെ പ്രാരംഭപ്രവർത്തനങ്ങൾ എന്ന നിലയിൽ 81ലൊക്കേഷനുകളിൽ മീറ്റർ സ്ഥാപിക്കുന്നതിനുള്ള ജോലി പൂർത്തീകരിച്ചതായി ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റന്വേഷണത്തിന് മറുപടിയായി അറിയിച്ചു. ഇത് സംബന്ധിച്ച് പഞ്ചായത്തും, കെ.എസ്.ഇ. ബി യും തമ്മിൽ കത്തിടപാടുകൾ നടത്തുന്നുണ്ടെങ്കിലും പദ്ധതി ഇപ്പോഴും പ്രാരംഭ ദശയിൽ തന്നെയാണ്. തെരുവുവിളക്കുകൾക്ക് മീറ്റർ കൂടി സ്ഥാപിച്ച് വൈദ്യുതചാർജ് പരമാവധി കുറച്ചുകൊണ്ടുവരുന്നതിനുള്ള സത്വര നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-6 ടെന്റർ ഫാറവില തിരികെ ഈടാക്കിയില്ല.

2017- 18 വർഷം വിവിധ പ്രോജക്ടുകൾക്ക് ഇ-ടെണ്ടർ ക്ഷണിച്ചിരുന്നു. ടെണ്ടർഫാറവില ആലപ്പുഴ ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിലാണ് ക്രഡിറ്റ് ചെയ്യുന്നത്. ഈ തുക പഞ്ചായത്ത് ഡിമാന്റ് ചെയ്യുന്ന മുറക്ക് അസിസ്റ്റന്റ് എഞ്ചിനീയറുടെ അക്കൗണ്ടിലേക്കും തുടർന്ന് പഞ്ചായത്ത് തനത് ഫണ്ടിലേക്കും ലഭിക്കുന്നു.പഞ്ചായത്തിന് അവകാശപ്പെട്ടതും ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിൽ 2017-18 വർഷം ക്രഡിറ്റ് ചെയ്യപ്പെട്ടതുമായ 37400രൂപയും മുൻ വർഷങ്ങളിൽ ഈ ഇനത്തിൽ ലഭിക്കാനുള്ള തുകയും പഞ്ചായത്ത് ഫണ്ടിൽ ലഭ്യമാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം (ഉണ്ടെങ്കിൽ)

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രോജക്ട് നം. | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2017-18 | 1521550 | 15, 107, 106, 171, 96, 181 | 1274588 | 246962 |
| ജില്ലാ പഞ്ചായത്ത് | 2017-18 | 525000 | | 525000 | |
| ആകെ | | 2046550 | | 1799588 | 246962 |

വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഇനം | വരവ് | | ചെലവ് | |
|---|---|---|---|---|
| | ബ്ലോക്ക് പഞ്ചായത്ത് | ജില്ലാ പഞ്ചായത്ത് | ബ്ലോക്ക് പഞ്ചായത്ത് | ജില്ലാ പഞ്ചായത്ത് |
| വികലാംഗർക്ക് സ്കോളർഷിപ്പ് (ബ്ലോക്ക്) | 225000 | 225000 | 224988 | 225000 |
| പാലിയേറ്റീവ് | 600000 | | 599600 | |
| പാൽ സബ്സിഡി (ജനറൽ) | 250000 | | 250000 | |
| പാൽ സബ്സിഡി (എസ്.സി.പി) | 200000 | 300000 | 200000 | 300000 |
| ആശ്രയ work managment | 246550 | | | |
| | 1521550 | 525000 | 1274588 | 525000 |

## 4-2. ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കേരള വാട്ടർ അതോറിറ്റി | പൈപ്പ് ലൈൻ എക്സ്റ്റൻഷൻ | 21701152 | 1060000 | ഇല്ല | 1060000 |

## 4-3. മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

--ഇല്ല--

## 4-4. വായ്പ/ വായ്പ തിരിച്ചടവ്

--ഇല്ല--

## 4-5. സ്ഥിരനിക്ഷേപങ്ങൾ

--ഇല്ല--

## 4-6. ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീത് നമ്പർ, തീയതി |
|---|---|---|---|---|
| 2016-17 | 3-4 | 4474 | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 117020102164/14/7/17 |

## 4-7. സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

--ഇല്ല--

## 4-8. ചാർജ്/ സർചാർജ് നടപടികളുടെ വിവരം

--ഇല്ല--

## 4-9. ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 85223206 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 76525011 |
| വരവിനങ്ങളിലുള്ള നഷ്ടം | : | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | 23908 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | ഇല്ല |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ്ജ് ചെയ്യാവുന്നവ | സർചാർജ്ജ് ചെയ്യാവുന്നവ | |
| 3-2 | | 23908 | ശ്രീമതി. അനുപമ, NREGS അക്രഡിറ്റഡ് എഞ്ചിനീയർ<br>ശ്രീ. സാജ്. എം., അസി.എഞ്ചിനീയർ, എൽ.എസ്.ജി.ഡി. |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

--ഇല്ല--

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം :

--ഇല്ല--

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ :

--ഇല്ല--

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| ക്രമ നം. | പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|---|
| 1 | ശ്രീമതി. അനുപമ,<br>NREGS അക്രഡിറ്റഡ് എഞ്ചിനീയർ | അക്രഡിറ്റഡ് എഞ്ചിനീയർ,<br>ഭരണിക്കാവ് ഗ്രാമപഞ്ചായത്ത് | ചിത്തിരമംഗലത്ത്,<br>കട്ടച്ചിറ, പള്ളിക്കൽ. പി. ഒ |
| 2. | ശ്രീ. സാജ്. എം,<br>അസിസ്റ്റന്റ് എഞ്ചിനീയർ | അസിസ്റ്റന്റ് എഞ്ചിനീയർ,<br>ഭരണിക്കാവ് ഗ്രാമപഞ്ചായത്ത് | സന്ധ്യ, PRA-52,<br>എം. ജി. റോഡ്,<br>ആറ്റിങ്ങൽ, തിരുവനന്തപുരം |

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിന്റെ വിവരം |
|---|---|
| 1996-97 മുതൽ 2005-06 വരെ | എൽ.എഫ്.ജി.എ.5/1832/11/02.02.12 |
| 2006-07 മുതൽ 2009-10 വരെ | എൽ.എഫ്.ജി.എ.5/1577/13/22.05.14 |
| 2010-11 | എൽ.എഫ്.എ.പി.6/21/2013/20.06.13 |
| 2011-12 | എൽ.എഫ്.എ.പി6/1007/14/08.10.14 |
| 2012-13 | എൽ.എഫ്.എ.പി.6/234/15/04.04.15 |
| 2013-14 | കെ.എസ്.എ.എ.എൽ.പി/പി6/1615/15/23.01.15 |
| 2014-15 | കെ.എസ്.എ.എ.എൽ.പി/പി6/829/2016/29.07.16 |
| 2015-16 | കെ.എസ്.എ-എ.എൽ.പി/പി6/1454/16 തീയതി:14-12-2016 |
| 2016-17 | കെ.എസ്.എ-എ.എൽ.പി/പി6/988/2017 തീയതി.22.07.17/03.08.17 |

തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ തീർപ്പാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

.

.

ഡെപ്യൂട്ടി ഡയറക്ടർ,

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, ആലപ്പുഴ

## അനുബന്ധം - I

കെ.എസ്.എ-എ.എൽ.പി./ജി.എ4-1126(53)/2018

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം,

ആലപ്പുഴ-688011,

ഫോൺ: 0477 2252753

email: ddhglfalpy@gmail.com

തീയതി: 03.07.2018

ഓഡിറ്റ് സാക്ഷ്യപത്രം

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ, വകുപ്പ്.4, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(6), 2011ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങളിലെ ചട്ടം 64 എന്നിവ അനുസരിച്ചും പഞ്ചായത്ത്/ നഗരപാലിക സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും 22.05.2018 ലെ (സാധാ)1413/ 2018/ത.സ്വ.ഭ.വ, നമ്പർ സർക്കാർ ഉത്തരവിലെ നിബന്ധനകൾ പ്രകാരവും ഭരണിക്കാവ് ഗ്രാമ പഞ്ചായത്തിന്റെ 2017-18സാമ്പത്തികവർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ അഭിപ്രായത്തിൽ അന്യത്ര ചേർത്ത അപാകതകൾ ഒഴികെ സ്ഥാപനത്തിന്റെ 2017-18സാമ്പത്തിക വർഷത്തെ വാർഷിക കണക്കുകൾ ശരിയായ വിധത്തിൽ സൂക്ഷിക്കുന്നു. സ്ഥാപനത്തിന്റെ വരവുകൾ യഥാവിധി കണക്കിലുൾപ്പെടുത്തിയിട്ടുണ്ട്. ചെലവുകൾ എല്ലാം തന്നെ വൗച്ചറുകളുടെ അടിസ്ഥാനത്തിലാണ്.

.
.
.
.
.
.
.

ഡെപ്യൂട്ടി ഡയറക്ടർ

## അനുബന്ധം - II

| | | |
|---|---|---|
| 1. | റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് | സംക്ഷിപ്തം (Audited Abstract) |
| 2. | ഇൻകം & എക്സ്പെൻഡിച്ചർ | |
| 3. | ബാലൻസ് ഷീറ്റ് | |

.
.
.
.

ഡെപ്യൂട്ടി ഡയറക്ടർ,

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ആലപ്പുഴ